ഉത്തരം

(എ) വാഴൂർ, മണ്ണന്തല ഗവൺമെന്റ് പ്രസ്സുകളിൽ പൂർണ്ണതോതിലും തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽപ്രസ്സ്, ഷൊർണ്ണൂർ ഗൺമെന്റ് പ്രസ്സ് എന്നിവിടങ്ങളിൽ ഭാഗികമായും ഓഫ്സെറ്റ് പ്രിന്റിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള ഗവൺമെന്റ് പ്രസ്സുകളിൽ കൂടി ഓഫ്സെറ്റ് പ്രിന്റിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഇപ്പോൾ ലറ്റർ പ്രസ്സ് സംവിധാനം നിലവിലുള്ള ഷൊർണ്ണൂർ, എറണാകുളം, കണ്ണൂർ, വയനാട്, തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ് എന്നിവിടങ്ങളിലെ സർക്കാർ പ്രസ്സുകളിൽ ഓഫ്സെറ്റ് സംവിധാനം ഘട്ടം ഘട്ടമായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

(സി-കെ) വിവരം ശേഖരിച്ചു വരുന്നു.

(എൽ) പരിശോധിച്ചിട്ടുണ്ട്.

(എം) ഉണ്ട്.

(എൻ) ഇല്ല.

(ഒ) ചോദ്യം ഉദിക്കുന്നില്ല.

പുതിയ പ്രിന്റിംഗ് മെഷീൻ

44 (1952) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സിന്റെ ആവശ്യത്തിനുവേണ്ടി പുതുതായി വാങ്ങിയ റിസോഗ്രാഫ് പ്രിന്റിംഗ് മെഷീനിൽ അത് നൽകിയ കമ്പനി ശുപാർശ ചെയ്ത പ്രകാരമുള്ള മഷിയാണോ ഉപയോഗിച്ചിട്ടുള്ളത് ;

(ബി) അല്ലെങ്കിൽ കാരണമെന്ത് ;

(സി) കമ്പനി ശുപാർശ ചെയ്ത പ്രകാരമുള്ള മഷി ഉപയോഗിക്കാത്തതു കൊണ്ട് പ്രസ്തുത പ്രിന്റിംഗ് മെഷീന് എന്തെങ്കിലും തകരാറ് ഉണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം തകരാറുകളാണ് ഉണ്ടായിട്ടുള്ളത് ;

(ഇ) പ്രസ്തുത പ്രിന്റിംഗ് മെഷീൻ എന്ത് തുകയ്ക്ക് എന്നാണ് വാങ്ങിയത് എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) കമ്പനി ശുപാർശ ചെയ്ത പ്രകാരമുള്ള മഷി ഈ മെഷീന് ഉപയോഗിക്കാത്തതുമൂലം മെഷീന് കേടുപാട് വന്ന വകയിൽ ഗവൺമെന്റിന് എന്ത് ചെലവ് വന്നിട്ടുണ്ട് ?

ഉത്തരം

(എ) അതെ.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉദിക്കുന്നില്ല.

(സി & ഡി) കമ്പനി ശുപാർശ ചെയ്ത പ്രകാരമുള്ള മഷി തന്നെയാണ് ഉപയോഗിക്കുന്നത്. മെഷീന് തകരാറുകൾ ഉണ്ടായിട്ടില്ല.

(ഇ) 18-3-1998-ൽ 11,64,800 രൂപയ്ക്ക് (പതിനൊന്നു ലക്ഷത്തി അറുപത്തി നാലായിരത്തി എണ്ണൂറു രൂപ മാത്രം) ആണ് വാങ്ങിയത്.

(എഫ്) എ, ബി, സി, ഡി വിഭാഗം ചോദ്യങ്ങളുടെ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

പാഠപുസ്തകങ്ങളുടെ അച്ചടി

45 (1953) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എം. കെ. മുനീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് പ്രസ്സുകളിൽ സംസ്ഥാനത്തിന്റെ സ്കൂളുകൾക്ക് ആവശ്യമായ ടെസ്റ്റ് ബുക്കുകൾ മുഴുവൻ അച്ചടിക്കുന്നതിനുള്ള ശേഷിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ടെസ്റ്റ് ബുക്കുകളുടെ അച്ചടി മുഴുവനും സർക്കാർ പ്രസ്സുകളിൽ തന്നെയാണോ നടത്തുന്നത് ;

(സി) ഇല്ലെങ്കിൽ അതിനുവേണ്ട സംവിധാനം ഉണ്ടാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ടെസ്റ്റ് ബുക്കുകൾ അച്ചടിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ കേരള ബുക്ക് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി സ്ഥാപിച്ചിട്ടുണ്ട്.

കോഴിക്കോട് ഗവൺമെന്റ് പ്രസ്സ്

46 (1954) ശ്രീ. എളമരം കരീം : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഗവൺമെന്റ് പ്രസ്സിന്റെ പുതിയ കെട്ടിട നിർമ്മാണം ഏതു ഘട്ടത്തിലാണ് ;

(ബി) കെട്ടിടത്തിന്റെ വയറിംഗ് റോഡ് എന്നിവയുടെ പണി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly